**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1698** **11-10-2024 - ൽ മറുപടിയ്ക്ക്**

**പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനകാലത്ത് തന്നെ പ്രായോഗിക പരിശീലനം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (എ) | എഞ്ചിനീയറിംഗ്/ഡിപ്ലോമ വിദ്യാർത്ഥികളെ ഇന്നവേഷൻ സമൂഹമായി രൂപപ്പെടുത്തുന്നതിന് പാഠ്യപദ്ധതിയിൽ തന്നെ മാറ്റം വരുത്തിയിട്ടുണ്ട്. Entrepreneurship & Start-ups എന്നത് ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ Production & Training, Innovation Entrepreneurship Development Cell, Technology Induction Cell തുടങ്ങിയ പല പദ്ധതികളും പോളിടെക്നിക് മേഖലയിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും HRD സെല്ലുകൾ രൂപികരിച്ചിട്ടുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for her Empowerment in Engineering Education) ക്ലബ്ബ് കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിച്ചു വരുന്നു. ഈ പ്രവർത്തനം വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക് കോളേജുകളിലും നടപ്പാക്കുന്നതിനുള്ള അംഗീകാരം നൽകിട്ടുണ്ട്. തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇന്റസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി നടപ്പിലാക്കി വരുന്നു. ഇന്റസ്ട്രി - ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളുമായും വ്യവസായ സംരംഭകരുമായും സ്ഥാപനങ്ങളുമായും കരാറുകളിൽ ഏർപ്പെടുന്നതിനും അതുവഴി സാങ്കേതിക വിദ്യ കൈമാറ്റത്തിനും വകുപ്പ് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.<br><br>എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, തെരഞ്ഞെടുത്ത പോളിടെക്നിക്കുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനു ശേഷം |

| | | | |
|---|---|---|---|
| | | | സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകമായ നിലയിൽ സജ്ജീകരിച്ച, ആവശ്യമായ കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോട്ടു കൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.<br><br>6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23 -ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ